Malayalam

# മയ്യിത്ത് നിസ്കാരത്തിന്റെ ശ്രേഷ്ഠതകൾ

പ്രാവാചകൻ (സ:അ) പറയുന്നു: അല്ലാഹുവിനോടുള്ള വിശ്വാസം കൊണ്ടും അവനിൽ നിന്ന് പ്രതിഫലം ആഗ്രഹിച്ചു കൊണ്ടും ആരെക്കിലും ഒരു മുസ്ലിമായ വ്യക്തിയുടെ ജനാസയാത്രയിലും തുടർന്ന് മയ്യിത്ത് നിസ്കാരത്തിലും പങ്കെടുക്കുകയും ഖബറടക്കുന്നതുവരെ ആ മയ്യിത്തിന്റെ കൂടെ നിലകൊള്ളുകയും ചെയ്താൽ, അദ്ദേഹത്തിന് രണ്ട് ഖീറാത്ത് പ്രതിഫലം ലഭിക്കും. ഓരോ ഖീറാത്തും ഉഹ്ദ് പർവ്വതത്തിന് സമാനമാണ്. മയ്യിത്ത് നിസ്കരിക്കുകയും ഖബറടക്കം കാത്തുനിൽക്കാതെ മടങ്ങുകയും ചെയ്തയാൾക്ക് ഒരു ഖീറാത്ത് പ്രതിഫലം മാത്രമേ ലഭിക്കുകയുള്ളൂ." (ബുഖാരി)

## ഉഹ്ദ് പർവ്വതത്തിന്റെ സവിശേഷതകൾ

1. നീളം 8 കിലോമീറ്റർ.
2. വീതി 2-3 കിലോമീറ്റർ.
3. ഉയരം 1077 മീറ്റർ.
4. തൂക്കം 45 ട്രില്ല്യൻ

പറയൂ... ഇനി നിങ്ങൾ മയ്യിത്ത് നിസ്കാരം നഷ്ടപ്പെടുത്തുമോ?.

## മയ്യിത്ത് നിസ്കാരത്തിന്റെ പൂർണ്ണരൂപം

- മയ്യിത്ത് പുരുഷനാണെങ്കിൽ ഇമാം തലയുടെ ഭാഗത്തും സ്ത്രീയാണെങ്കിൽ മധ്യഭാഗത്തും നിൽക്കുന്നതാണ് സുന്നത്തായ രൂപം.
- നാലു പ്രാവശ്യം തക്ബീർ ചൊല്ലുകയും ഓരോ തക്ബീറിലും കൈ ഉയർത്തുകയും വേണം.

(1) ആദ്യത്തെ തക്ബീറിനു ശേഷം ഫാത്തിഹ ഓതുക.

(2) രണ്ടാമത്തെ തക്ബീറിനു ശേഷം നബിയുടെ (സ:അ) മേൽ സ്വലാത്ത് ചൊല്ലുക.

"അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വആലി മുഹമ്മദിൻ കമാ സ്വല്ലെയ്ത അലാ ഇബ്റാഹീമ വആലി ഇബ്റാഹീമ ഇന്നക ഹമീദും മജീദ്. അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ ബാറക്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക ഹമീദും മജീദ്". (അല്ലാഹുവേ ഇബ്റാഹീം നബിക്കും (അ) കുടുംബത്തിനും കാരുണ്യം ചൊരിഞ്ഞത് പോലെ മുഹമ്മദ് നബിക്കും (സ:അ) കുടുംബത്തിനും നീ കാരുണ്യം ചൊരിയണേ. നീ അങ്ങേയറ്റം സ്തുതിക്കപ്പെട്ടവനും പരിശുദ്ധനുമായിരിക്കുന്നു. അല്ലാഹുവേ ഇബ്റാഹീം നബിക്കും (അ) കുടുംബത്തിനും അനുഗ്രഹം വർഷിച്ചതുപോലെ മുഹമ്മദ് നബിക്കും (സ:അ) കുടുംബത്തിനും നീ അനുഗ്രഹം വർഷിക്കണേ. നീ അങ്ങേയറ്റം സ്തുതിക്കപ്പെട്ടവനും പരിശുദ്ധനുമായിരിക്കുന്നു).

(3) മൂന്നാമത്തെ തക്ബീറിനു ശേഷം ഇപ്രകാരം ദുആ ചെയ്യുക ."അല്ലാഹുമ്മഗ്ഫിർ ലിഹയ്യിനാ വമയ്യിതിനാ വസ്വഗീറിനാ വകബീരിനാ വദകരിനാ വഉൻസാനാ വശാഹിദിനാ വഗാഇബിനാ, അല്ലാഹുമ്മ മൻ അഹ്‌യെതഹു മിന്നാ ഫഅഹ്‌യിഹി അലൽ ഈമാൻ. വമൻ തവഫ്ഫൈതഹു മിന്നാ ഫതവഫ്ഫഹു അലൽ ഇസ്ലാം. അല്ലാഹുമ്മ ലാ തഹ്‌രിംനാ അജ്റഹു വലാ തുസില്ലനാ ബഅ്ദഹു. അല്ലാഹുമ്മഗ്ഫിർ ലഹു വർഹംഹു വആഫിഹീ വഅ്ഫു അൻഹു വഅക്‌രിം നുസുലഹു വവസ്സിഅ് മുദ്ഖലഹു, വഗ്സിൽഹു ബിൽമാഇ വസ്സൽജി വൽബറദി, വനക്കിഹി മിനൽ ഖതായാ കമാ നക്കൈത സ്സൗബൽ അബ്‌യദ മിനദ്ദനസി വഅബ്ദിൽഹു ദാറൻ ഖൈറൻ മിൻദാരിഹി വഅഹ്‌ലൻ ഖൈറൻ മിൻ അഹ്‌ലിഹി വസൗജൻ ഖൈറൻ മിൻ സൗജിഹി വഅദ്ഖിൽഹുൽ ജന്നത വഅഇദ്ഹു മിൻ അദാബിൽ ഖബ്‌രി വമിൻ അദാബിന്നാർ" (അല്ലാഹുവേ ഞങ്ങളിൽ ജീവിച്ചിരിക്കുന്നവർക്കും മരണപ്പെട്ടവർക്കും യുവജനങ്ങൾക്കും വൃദ്ധജനങ്ങൾക്കും സ്ത്രീകൾക്കും പുരുഷന്മാർക്കും ഇവിടെ സന്നിഹിതരായവർക്കും അല്ലാത്തവർക്കുമൊക്കെ നീ പാപമോക്ഷം നൽകണേ. ഞങ്ങളിൽനിന്ന് നീ ജീവിക്കാനനുവദിച്ചവർക്ക് ഈമാനുള്ള ജീവിതം നൽകണേ. മരണം നൽകുന്നിയവരെ ഇസ്ലാമിലായി മരിപ്പിക്കക്കേണമേ. അല്ലാഹുവേ ഞങ്ങളെ നീ ഇതിന്റെ പ്രതിഫലത്തിൽ നിന്നും തടയപ്പെട്ടവരാക്കല്ലേ, അദ്ദേഹത്തിന്റെ കാലശേഷം ഞങ്ങളെ നീ വഴിപിഴപ്പിക്കരുതേ. അല്ലാഹുവേ ഈ മയ്യിത്തിനു പാപമോക്ഷവും കാരുണ്യവും മാപ്പും സൗഖ്യവും പാപമോചനവും നൽകണേ. ഇദ്ദേഹത്തിന് ആദരപൂർണമായ വിരുന്നു നൽകുകയും ഖബ്റിനെ വിശാലമാക്കി കൊടുക്കുകയും ചെയ്യേണേമേ. ഇദ്ദേഹത്തെ വെള്ളം കൊണ്ടും മഞ്ഞുതുള്ളികൾ കൊണ്ടും ആലിപ്പഴം കൊണ്ടും കുളിപ്പിക്കുകയും വെള്ള വസ്ത്രത്തിൽനിന്ന് അഴുക്ക് വൃത്തിയാക്കും വിധം ഇയാളുടെ പാപങ്ങളെ നീ ശുദ്ധികലശവും ചെയ്യണേ, ഇപ്പോഴത്തെ വീടിനേക്കാൾ നല്ല ഒരു വീടും കുടുംബത്തേക്കാൾ ഉത്തമരായ കുടുംബവും ഇണയേക്കാൾ നല്ലൊരു ഇണയേയും പകരം നൽകണേ, ഇയാളെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും ഖബറിലേയും നരകത്തിലേയും ശിക്ഷകളിൽ നിന്ന് മോചിപ്പിക്കുകയും ചെയ്യേണമേ)

കൊച്ചുകുട്ടികളുടെ മയ്യിത്താണെങ്കിൽ ഈ ദുആ കൂടെ ഉൾപ്പെടുത്തുക.

"അല്ലാഹുമ്മജ്അൽഹു ഫറത്വൻ വദുഖ്റൻ ലിവാലിദൈഹി വശഫീഅൻ മുജാബൻ അല്ലാഹുമ്മ സക്കിൽബിഹി മവാസീനഹുമാ വഅ്ദിംബിഹീ ഉജൂറഹുമാ വഅൽഹിഖ്ഹു ബിസ്വാലിഹിൽ മുഅ്മിനീൻ, വജ്അൽഹു ഫീകഫാലതി ഇബ്റാഹീമ വഖിഹി ബിറഹ്മതിക അദാബൽ ജഹീം"

(അല്ലാഹുവേ ഈ കുഞ്ഞിനെ മാതാപിതാക്കൾക്ക് ഒരു നിധിയായും സൂക്ഷിപ്പുസ്വത്തായും കരുതിവെക്കണേ, ഉത്തരം ലഭിക്കുന്ന ശുപാർശകനാക്കണേ, ഈകുഞ്ഞു കാരണം മാതാപിതാക്കളുടെ നന്മയുടെ തട്ട് താഴ്ത്തിക്കൊടുക്കണേ, പ്രതിഫലങ്ങളിൽ അഭിവൃദ്ധി നൽകണേ, ഈ കുഞ്ഞിനെ സജ്ജനങ്ങളായ മുഅ്മിനീങ്ങളിൽ ഉൾപ്പെടുത്തണേ, ഇബ്റാഹീംനബിയുടെ (അ) സംരക്ഷണത്തിലാക്കണേ, നിന്റെ കാരുണ്യം കൊണ്ട് നരകശിക്ഷയെ തൊട്ട് ഒഴിവാക്കണേ).

(4) നാലാമത്തെ തക്ബീറിനു ശേഷം അൽപസമയം കഴിഞ്ഞ് വലതുഭാഗത്തേക്ക് സലാം വീട്ടണം.

Janaezbh
+97339804646
വിവർത്തനം : Al-Andalus Group LTD
www.alandalusgroup.co.uk

ഉള്ളടക്കത്തിന് ഭംഗം വരാത്ത രീതിയിൽ അച്ചടിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും ലോകത്തുള്ള എല്ലാ മുസ്ലിംകൾക്കും അനുവാദം നൽകിയിരിക്കുന്നു